Draft #6 of File 102491/AD A3-4/2021/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 21-Jan-2022 05:02 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - ദിവസവേതന / കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചത് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 803/AD A 3/2022/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 24.01.2022

---

*പരാമർശം:*-1) സർവ്വകലാശാല ഉത്തരവ് നം 3744/AD A3/2021/എം.ജി.യു. തീയതി, 02.08.2021
2) സർവ്വകലാശാല ഉത്തരവ് നം 6786/AD A3/2021/എം.ജി.യു. തീയതി, 07.12.2021

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർവ്വകലാശാലയിലെ ദിവസവേതന/ കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഇലക്ട്രീഷ്യന്മാരുടെ വേതനം നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ₹650 ൽ നിന്നും വർദ്ധിപ്പിച്ചിട്ടില്ലെന്നും, ആയതിനാൽ തങ്ങളുടെ ദിവസവേതനത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തണമെന്നും സർവ്വകലാശാലയിൽ ദിവസക്കൂലികളായി ജോലി ചെയ്യുന്ന ഇലക്ട്രീഷ്യന്മാർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൂടാതെ, പ്രസ്തുത ഉത്തരവിൽ അനിമൽ അറ്റെൻഡറുടെ വേതനം ₹535 ൽ നിന്നും ₹560 ആയി വർദ്ധിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നെങ്കിലും അനിമൽ അറ്റെൻഡറുടെ പഴയ വേതനം ₹530 ആയിരുന്നു എന്നതിനാൽ ടി ഉത്തരവിൽ വേണ്ട തിരുത്തൽ വരുത്തണമെന്ന് സ്കൂൾ ഓഫ് ബയോസയൻസസിൽ നിന്നും കത്തും ലഭിച്ചിരുന്നു.

മേല്പറഞ്ഞ വിഷയം 20.11.2021 തീയതിയിലെ സിൻഡിക്കേറ്റ് യോഗം പരിഗണിച്ച് തീരുമാനം എടുക്കുകയും, അത് പ്രകാരം പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അനിമൽ അറ്റെൻഡറുടെ നിലവിലെ വേതനം ₹535 എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് ₹530 എന്ന് തിരുത്തി പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്യുന്നു.

പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസക്കൂലികളായി ജോലി ചെയ്യുന്ന ഇലക്ട്രീഷ്യന്മാരുടെയും സ്പെഷ്യൽ ടീച്ചർമാരുടെയും വേതനം ഇതര വിഭാഗം ജീവനക്കാരുടേതിന് ആനുപാതികമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച നിർദ്ദേശം പരിഗണിച്ച് ഇലക്ട്രീഷ്യന്മാരുടെ ദിവസവേതനം ₹650 ൽ നിന്നും ₹700 ആയും സ്പെഷ്യൽ ടീച്ചറുടെ ദിവസവേതനം ₹975 ൽ നിന്നും ₹1050 ആയും വർദ്ധിപ്പിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. പ്രസ്തുത വേതന വർദ്ധനവിന് 20.11.2021 തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല

4. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
5. പി.ആർ.ഒ /ഐ.റ്റി. സെൽ /സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6. എ.സി.സി. 1/2/ഫിനാൻസ് 1/ഓഡിറ്റ് 1/5/ജനറൽ ക്യാഷ് /ഐ.ക്യൂ.എ.സി.
7. എഡി എ4/എഡി എ5/എഡി ഡി / എഞ്ചിനീയറിംഗ് യൂണിറ്റ് /എസ്.ബി.എസ്.
8. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #6 of File 102491/AD A3-4/2021/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 21-Jan-2022 05:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം